**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2072** **16-03-2022 - ൽ മറുപടിയ്ക്ക്**

**പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | null<br>(മുഖ്യമന്ത്രി) | |
| (എ) | പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ സർക്കാർ ഫണ്ടുകൾ വിനിയോഗിച്ച് നടത്തുന്ന പ്രവൃത്തികളുടെ ശാസ്ത്രീയ നിലവാരം ഉറപ്പുവരുത്തിയിട്ടുണ്ടോയെന്നും ടി സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് പരാതികൾ എന്തെങ്കിലും നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ; | (എ) | കേരളാ പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രവൃത്തികളിൽ പൊതുമരാമത്ത് വകുപ്പ് Quality Manual പ്രകാരമുള്ള ഗുണനിലവാര പരിശോധനകൾ നിർമ്മാണ പ്രവൃത്തികളിലും നിർമ്മാണ സാമഗ്രികളിലും ചെയ്യുന്നുണ്ട്. ഇപ്രകാരം ലഭിക്കുന്ന ഗുണനിലവാര റിപ്പോർട്ടുകൾ യഥാസമയം പരിശോധിച്ച് നിർമ്മാണ പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്. കെട്ടിട നിർമ്മാണത്തിനുപയോഗിക്കുന്ന സാധനങ്ങളുടെ ഒരു Approved make list കെ.പി.എച്ച്.സി.സി തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് കരാറുകാരനുമായി ഉണ്ടാക്കുന്ന കരാറിന്റെ ഒരു ഭാഗം ആക്കി, പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട സാധനങ്ങൾ മാത്രമെ നിർമ്മാണത്തിന് ഉപയോഗിക്കാവൂ എന്ന വ്യവസ്ഥ നിർബന്ധമാക്കിയിട്ടുണ്ട്. ഇതിനുപരി, സാങ്കേതിക പരിജ്ഞാനം നേടിയിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരെ കെ.പി.എച്ച്.സി.സിയിലെ ഉദ്യോഗസ്ഥർക്ക് പുറമെ വർക്ക് സൈറ്റുകളിൽ നിയമിച്ചിട്ടുണ്ട്. മുന്നറിയിപ്പില്ലാതെ പ്രസ്തുത ഉദ്യോഗസ്ഥർ നടത്തുന്ന സൈറ്റ് പരിശോധനകളിൽ ശ്രദ്ധയിൽപ്പെടുന്ന അപാകതകൾ കെ.പി.എച്ച്.സി.സിയിൽ റിപ്പോർട്ട് ചെയ്യുകയും, അതിന്റെ അടിസ്ഥാനത്തിൽ യഥാസമയം വേണ്ട മാറ്റങ്ങൾ വരുത്തിയുമാണ് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് യാതൊരു പരാതികളും നിലവിൽ ലഭിച്ചിട്ടില്ല. |
| (ബി) | നിർമ്മാണ പ്രവർത്തനങ്ങളിൽ ഏകീകൃത മാതൃക അവലംബിക്കുന്നതുകൊണ്ടോ കെട്ടിടങ്ങളുടെ സ്ഥലപരമായ പ്രത്യേകതകൾക്കനുസരിച്ച് പ്ലാനുകളിൽ പ്രായോഗികത സ്വീകരിക്കാത്തതുകൊണ്ടോ സ്ഥാപനങ്ങളുടെ സ്ഥലവിനിയോഗത്തിന് ബുദ്ധിമുട്ടുണ്ടാകുന്നത് | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | | |
| (സി) | പോലീസ് വകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ മറ്റ് ഫണ്ടുകൾ വിനിയോഗിച്ച് നടത്തുന്ന പ്രവൃത്തികളും പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവൃത്തികളും തമ്മിൽ ഏകോപനമില്ലാത്തതുകൊണ്ട് സ്ഥല വിനിയോഗം ഫലപ്രദമാകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | 2016-21 കാലയളവിൽ ചാത്തന്നൂർ മണ്ഡലത്തിൽ പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ കീഴിൽ നടത്തിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോന്നിനും ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ? | (ഡി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl. No. | Name of Work | Scheme | Expenditure |
|---|---|---|---|
| 1 | Construction of Ramp and disabled friendly toilet at chathanoor PS kollam city | State Plan 2017-18 | 3,78,461.00 |
| 2 | Construction of rest room / women / children friendly room / senior citizen help desk at Chathanoor PS, Kollam City | State Plan 2017-18 | 3,54,541.00 |
| 3 | Construction of ramp and disabled friendly toilet at Chathanoor PS (shifted from Parippally), Kollam City | State Plan 2018-19 | 3,90,615.00 |
| 4 | Construction of Improvement facilities for women visitors in Chathanoor PS, Kollam City | State Plan 2018-19 | 4,81,480.00 |
| 5 | Construction of ramp and disabled friendly toilet in the Office of SDPO, Chathanoor, Kollam | State Plan 2021-22 | 3,04,262.00 |
| 6 | Providing Basic amenity to public in Chathanoor Police Station , Kollam City-Phase I | State Plan 2021-22 | 4,99,889.00 |
| 7 | Upkeep and maintenance of old Police station building in Chathanoor Police Station , Kollam City-Phase I | State Plan 2021-22 | 4,99,975.00 |
| 8 | Making Police station Women and Child Friendly in Chathanoor Police Station , Kollam City | State Plan 2021-22 | 2,74,180.00 |
| 9 | Upkeep and maintenance of old police Station Building in Chathanoor Police Station , Kollam City-Phase-II | State Plan 2021-22 | 1,24,637.00 |
| 10 | Providing Basic Amenity To Public in Chathanoor Police Station, Kollam City- Phase II | State Plan 2021-22 | 2,74,946.00 |
| 11 | Providing Ramp and disabled friendly toilet at Chathanoor Police Station, Kollam City | State Plan 2021-22 | 1,24,334.00 |
| | **Total** | | **37,07,320.00** |

സെക്ഷൻ ഓഫീസർ